7. കവിയൂർ ബ്രാഞ്ച് കനാലിന്റെ പണി പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. ടി.എസ്. ജോൺ : സർ, കവിയൂർ ബ്രാഞ്ച് കനാൽ പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ ചെറിയ ഒരു സ്കീമാണ്. ആ പദ്ധതിയുടെ ബ്രാഞ്ച് കനാലിന്റെ പണി 1990- ന് മുമ്പ് 80 ശതമാനവും പൂർത്തിയാക്കപ്പെട്ട് കിടക്കുകയാണ്. ഏതാണ്ട് രണ്ടായിരം ഏക്കർ നെൽപ്പാടങ്ങൾക്ക് വെള്ളം കൊടുക്കാൻ കഴിയുന്ന ചെറിയ ഒരു പദ്ധതിയാണത്. 80 ശതമാനം പണി പൂർത്തിയാക്കി. ബാക്കിയുള്ള 20 ശതമാനത്തിന്റെ പണികൂടി പൂർത്തിയാക്കിക്കഴിഞ്ഞാൽ രണ്ടായിരം ഏക്കർ സ്ഥലത്ത് കൃഷിചെയ്യുന്ന കൃഷിക്കാർക്ക് ആശ്വാസമാകും. കഴിഞ്ഞ ഒരു വർഷത്തിനുമുമ്പ് ഞാൻ ഈ നിയമസഭയിൽ ഇക്കാര്യം പറഞ്ഞതാണ്. ബഡ്ജറ്റിൽ പണമൊന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എന്തായാലും പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിന്റനൻസ് പണി പ്രോപ്പറായി നടക്കുന്നില്ല. അതുപോലെതന്നെ ഇതിന്റെ പണി പൂർത്തിയാക്കണം. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കവിയൂർ ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 3727 മീറ്റർ മുതൽ 3914 മീറ്റർ വരെയുള്ള നീർപ്പാലവും ചെയിനേജ് 4190 മുതൽ 4410 മീറ്റർ വരെയുള്ള കനാൽ ഭാഗവും ഒഴികെ ചെയിനേജിന്റെ 6330 മീറ്റർ വരെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. 1993 മുതൽ ആണ് മേൽപറഞ്ഞ രണ്ട് റീച്ചുകളിലെ പണികൾ തടസ്സപ്പെട്ടിരിക്കുന്നത്. ആ ജോലികൾ ഏറ്റെടുത്ത കോൺട്രാക്ടർമാർ വകുപ്പിനും സർക്കാരിനും എതിരെ നിയമ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് പ്രസ്തുത ജോലികൾ നടത്താൻ സാധിക്കാതെ വന്നത്.

സർ, പമ്പാ ജലസേചന പദ്ധതിയുടെ ഭാഗമായ കവിയൂർ ബ്രാഞ്ച് കനാലിന്റെ പണി പൂർത്തിയായിട്ടില്ലെങ്കിലും അവിടെ കാഡയുടെ പരിപാടികളും പ്രവർത്തനങ്ങളുമൊക്കെ നടക്കുന്നുണ്ട്. പമ്പാ ജലസേചന പദ്ധതി കാഡയുടെ പ്രവർത്തനത്തിൽ നടപ്പിലാക്കുന്നതുകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കപ്പെട്ട പദ്ധതിയായിട്ടാണ് ജനങ്ങളുടെ ഇടയിൽ ഒരു ധാരണയുള്ളത്. പണികൾ പൂർത്തീകരിക്കാൻ ഇനി 85 ലക്ഷം രൂപകൂടെ വേണ്ടിവരും. എങ്ങനെ ഈ പണം സംഭരിച്ച് ഈ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായ തുക ലഭിക്കുന്ന മുറക്ക് മാത്രമേ പണി ഏറ്റെടുത്ത് പൂർത്തീകരിക്കാനാവൂ. ഏതാണ്ട് 750 ഏക്കർ സ്ഥലത്തുകൂടി ഈ ബ്രാഞ്ച് കനാൽ പൂർത്തിയാക്കിയാൽ ജലസേചന സൗകര്യം ലഭ്യമാക്കാൻ കഴിയും.

8. പാമോയിൽ ഉല്പാദിപ്പിച്ച് എണ്ണയുടെ ദൗർലഭ്യം പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ബോട്ടണി വിഭാഗം റീഡർ ഡോ. മോഹൻ കുമാറും സംഘവും ചേർന്നു എണ്ണപ്പനക്കുലകളിൽനിന്നും ഉയർന്നഗുണനിലവാരമുള്ള പാമോയിൽ ഉൽപ്പാദിക്കുന്നതിനുള്ള നൂതനവും ലളിതവുമായ ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡ്രൈ മെത്തേഡ്സ് എന്ന പേരിലുള്ള ഈ സാങ്കേതികവിദ്യ കണ്ടുപിടിച്ചതിന് ദേശീയ സയൻസ് കോൺഗ്രസ്സിലെ യുവ ശാസ്ത്ര പുരസ്കാരം ലഭിച്ചത് യൂണിവേഴ്സിറ്റി കോളേജിലെ റിസർച്ച് അസോസിയേറ്റ് ആയ ശ്രീമതി ശാലിനി ഭാസ്ക്കരനാണ്. ഈ സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly